V ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ
11 A.M.] യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2000-2001 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാലു മാസത്തേക്കുള്ള ചെലവുകൾ നിർവഹിക്കുന്നതിന് വേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവണ്മെർക്ക് നൽകണമെന്ന" ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ. പി. ജെ. ഫ്രാൻസിസ്, തമ്പാനൂർ രവി, എം. മുരളി, പാലോട് രവി, കെ. ബാബു, ഡോ.എം.എ. കുട്ടപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

VI ക്രമപ്രശ്നം

ബഡ്ജറ്റ് ചർച്ചയുടെ മറുപടിക്കുശേഷം കൂടുതൽ ആനുകൂല്യങ്ങൾ സഭയിൽ പ്രഖ്യാപിച്ചത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, ഞാൻ ക്രമപ്രശ്നം അവതരിപ്പിക്കുകയാണ്. 22-3-2000-ത്തിലെ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞ സമയത്ത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഏതാനും ഇളവുകൾ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ ആകെയുള്ള ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് ചോദിച്ചപ്പോൾ അദ്ദേഹം വെളിപ്പെടുത്തി. 7,32,00,000 രൂപയുടെ ഇളവുകളാണ് അദ്ദേഹം പ്രഖ്യാപിച്ചത്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ മറുപടി പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ഒരു അനൗൺസ്മെന്റ് നടത്തുകയുണ്ടായി. ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. 1-1-1999 മുതൽ മുൻകാല പ്രാബല്യത്തോടെ കൊടുക്കുമെന്നും ജൂൺ മാസത്തിലെ ശമ്പളത്തോടൊപ്പം ക്യാഷായി കൊടുക്കുമെന്നും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. പെൻഷൻകാരുടെ ഡി. എ. എന്നു പറയുന്നത് പുതിയ മാറ്ററാണ്. അത് ഒരു പുതിയ അനൗൺസ്മെന്റാണ്. വാസ്തവത്തിൽ ബഡ്ജറ്റിനോടനുബന്ധിച്ച് ഹാജരാക്കിയിട്ടുള്ള ഡിമാന്റിൽ തുക പ്രൊവൈഡ് ചെയ്തിട്ടില്ല. അങ്ങനെയുള്ള ന്യൂ അനൗൺസ്മെന്റ് ആയതുകൊണ്ട് കമ്മിറ്റ്മെന്റ് എത്രയെന്ന് ഞാൻ അന്ന് ചോദിച്ചപ്പോൾ അത് എത്രയെന്ന് വ്യക്തമായി പറയാൻ ധനകാര്യമന്ത്രിയോ മുഖ്യമന്ത്രിയോ തയ്യാറാകുകയുണ്ടായില്ല. ഇതൊരു പുതിയ മാറ്ററാണ്. ഞാൻ പറയാൻ കാരണം, ഡി.എ.യെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിലെ 176-ാം ഖണ്ഡികയിൽ ഉണ്ട്. 176-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്, അഞ്ചേകാൽ ലക്ഷത്തോളം വരുന്ന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ പങ്കിനെ സർക്കാർ നന്ദിപൂർവം അംഗീകരിക്കുന്നു. ജീവനക്കാർക്ക് കുടിശ്ശികയായിട്ടുള്ള ക്ഷാമബത്താ ഗഡുക്കൾ കടുത്ത സാമ്പത്തിക പ്രയാസങ്ങൾ കാരണം അനുവദിക്കാൻ കഴിഞ്ഞില്ല എന്ന കാര്യത്തിൽ ഞാൻ തികച്ചും ബോധവാനാണ്. സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടെങ്കിൽ തന്നെയും ജീവനക്കാർക്ക് 10 ശതമാനം ക്ഷാമബത്ത ജൂൺ മാസത്തെ ശമ്പളത്തിൽ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. 176-ാമത്തെ പേജിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ചത് ജീവനക്കാർക്കുള്ള ക്ഷാമബത്തയാണ്. പെൻഷൻകാർക്കുള്ള ക്ഷാമബത്തയാണ് മുഖ്യമന്ത്രി അതിനുപറമെ പ്രഖ്യാപിച്ചത്. പെൻഷൻകാരെ സംബന്ധിച്ചിടത്തോളം ഈ ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനകത്ത് കാണാം. സ്റ്റാഫിന്റെ സാലറിയെന്നു പറയുന്നത് ബഡ്ജറ്റിൽ പ്രത്യേകിച്ചല്ല. സ്റ്റാഫിന്റെ സാലറിയെന്നു പറയുന്നത് ഓരോ ഡിപ്പാർട്ടുമെന്റിലെയും ഡിമാന്റിൽ ഉൾക്കൊള്ളിച്ചുള്ളതാണ്.

മി. സ്പീക്കർ : അങ്ങയുടെ അറിവിലേയ്ക്കുവേണ്ടി പറയുകയാണ്. ബഡ്ജറ്റ് പ്രസന്റ് ചെയ്തിട്ട് അവസാനം എന്താ ചെയ്ക ? കമ്മിറ്റികളിലേയ്ക്ക് റഫർ ചെയ്യും. റഫർ ചെയ്തു കഴിഞ്ഞു. റൂളനുസരിച്ച് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വിട്ടുകഴിഞ്ഞു. ഇത് റീ ഓപ്പൺ ചെയ്യുന്നതുതന്നെ സ്ട്രിക്റ്റായിട്ട് നോക്കിയാൽ ഓർഡറിലാണോ ; അങ്ങേയ്ക്ക് എന്തെങ്കിലും ശ്രദ്ധയിൽപെടുത്താനുണ്ടെങ്കിൽ പെടുത്തുക എന്നുള്ളതല്ലാതെ ഡീറ്റെയിൽസിലേയ്ക്ക് പോകുന്നത് അനുചിതമാണ്. കമ്മിറ്റികളുടെ അവകാശമാണ്. അതുകൊണ്ട് ശ്രദ്ധയിൽപ്പെടുത്തുക. ഡീറ്റെയിൽസിലേയ്ക്ക് പോകണ്ട.

ശ്രീ. കെ.എം. മാണി : പെൻഷൻകാരെ സംബന്ധിച്ചിടത്തോളം ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ മേജർ ഹെഡ് 2071 ആണ്. 2000-2001-ലെ ബഡ്ജറ്റിൽ 1635 കോടി രൂപയാണ് പെൻഷൻകാർക്കുള്ളത്. അത് മേജർ ഹെഡ് 2071-ലാണ്. അതിലാണ് ഇപ്പോൾ തുക കൂടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പെൻഷൻകാർക്കു ഡി.എ. കൊടുക്കുന്നുവെന്നു പറയുമ്പോൾ ആ ഹെഡ്ഡിലും കൂടുതൽ തുക വകയിരുത്തേണ്ടതാണ്. അടുത്ത വർഷത്തെ വർഷാന്ത്യകമ്മി കൂടുതലായി വരുന്നു. അത് എത്രയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയേണ്ടതാണ്. ഇപ്പോൾ ഒരു പുതിയ സംഭവ വികാസം ഉണ്ടായിരിക്കുന്നു. ആ പുതിയ സംഭവ വികാസം എന്നു പറയുന്നത്, ജില്ലാ സഹകരണ ബാങ്കുകൾ പണം ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ആ നിക്ഷേപം ഉടൻതന്നെ പിൻവലിക്കണമെന്ന് റിസർവ് ബാങ്കിന്റെ ചീഫ് ജനറൽ മാനേജർ ആർ.എൻ. ജോഷി ജില്ലാ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം കൊടുത്തിരിക്കുന്നു എന്നുള്ള വിവരം മലയാള മനോരമ പത്രത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 21-3-2000-ലെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ അനുസരിച്ച് 526 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്ക് കൊടുത്തുതീർക്കാനുണ്ട്. പബ്ലിക് അക്കൗണ്ട്സിൽ 526 കോടി രൂപയാണ് കുറയാൻ പോകുന്നത്. പബ്ലിക് അക്കൗണ്ടിലാണ് ഈ നിക്ഷേപങ്ങൾ വരുന്നത്. പബ്ലിക് അക്കൗണ്ടിലെ നിക്ഷേപം ബഹുമാനപ്പെട്ട മന്ത്രി കണ്ടിട്ടുള്ളതാണ്. 2000-2001-ൽ കൂടുമെന്ന് പ്രതീക്ഷിക്കുന്ന പൊതു കണക്ക് തനി പബ്ലിക് അക്കൗണ്ടിൽ 990 കോടി രൂപ ആണ്. അതിൽ 526 കോടി നിക്ഷേപത്തിൽ കുറയുമെന്ന് വന്നിരിക്കുന്നു. ആ സ്ഥിതിക്ക് വീണ്ടും കമ്മി

LIBRARY ARCHIVES Kerala Legislative Assembly

ഉയരുകയാണ്. ഒന്ന്, പെൻഷൻകാരുടെ അഡീഷണൽ ഡി.എ. കമ്മിറ്റ്മെന്റിന്റെ ഫലമായി. രണ്ട്, റിസർവ് ബാങ്കിന്റെ പുതിയ സർക്കുലർ അനുസരിച്ച് ജില്ലാ സഹകരണ ബാങ്ക് ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്ന പണം പിൻവലിക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാദ്ധ്യതയുടെ ഫലമായി 526 കോടി രൂപ കൂടുതലായി വരുന്നതോടുകൂടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിലെ വർഷാന്ത്യകമ്മി 193 കോടി രൂപയിൽനിന്ന് ഉയരുന്നതാണ്. അതുകൊണ്ട് എന്താണ് അതിന്റെ ഫൈനൽ പൊസിഷൻ എന്നുള്ളത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എങ്കിലേ കമ്മിറ്റികൾക്ക് ചർച്ച ചെയ്യാൻ കഴിയുകയുള്ളൂ. ഭരണഘടനാ പരമായി ആർട്ടിക്കിൾ 202-ൽ പറയുന്നത് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നു പറയുന്നത്. A statement containing receipts and expenditures in a financial year may be laid before the table. ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നു പറയുന്നത് ഭരണഘടനാപരമായ ബാദ്ധ്യതയാണ്. 2001-ലെ എക്സ്പെൻഡിച്ചർ എത്രയാണെന്ന് അറിയേണ്ടത് മെമ്പർമാരുടെ അവകാശമാണ്. ആ നിലയ്ക്ക് അങ്ങ് മറുപടി പറഞ്ഞ് വർഷാന്ത്യകമ്മി എങ്ങനെ നിൽക്കുന്നു എന്നുള്ളത് സഭയെ അറിയിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന് യാതൊരു പ്രസക്തിയും ഇപ്പോൾ ഇല്ല. കാരണം പറയാം. ഒന്ന് ഇവിടെ 4710 കോടി രൂപ ശമ്പളത്തിനായി നീക്കി വച്ചിട്ടുണ്ട്. അതിൽ 1441.80 കോടി രൂപ ക്ഷാമബത്തയുണ്ട്. ആ 1441.80 കോടി രൂപയിൽ 750.92 കോടി രൂപ ഡി.എയുടെ അഡീഷണൽ ഇൻസ്റ്റാൾമെന്റ്സ് വരുമ്പോൾ കൊടുക്കാനുള്ളതാണ്. അതുകൊണ്ട് the Government will not need to add a single paise to the revenue deficit for providing dearness allowance to our employees.അപ്പോൾ ബഹുമാനപ്പെട്ട മാണി ഇവിടെ ചോദിച്ചു. ഇത് ഏത് ജി.ഒ. പ്രകാരമാണെന്ന്. ഈ 1-1-1999 ആണ് ഡി.എ.-ഡ്യൂ. ഇതേവരെ അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ഭരിക്കുമ്പോഴൊക്കെ ഡി.എ. അനൗൺസ് ചെയ്യും. ഏത് ഡേറ്റിനാണോ അതിന്റെ ഡ്യൂ-സെൻട്രൽ ഗവൺമെന്റ് കൊടുത്തത്, അത് തൊട്ടുള്ള എമൗണ്ട് impound ചെയ്യും. ക്യാഷ് കെടുക്കുക അനൗൺസ് ചെയ്ത ആ മാസം തൊട്ട് ആണ് ഇത് വളരെ കാലമായി ഇവിടെ നടന്നു വരുന്ന സമ്പ്രദായമാണ്. ജി.ഒ.യിൽ അത് എടുത്തു പറയും. ഇപ്പോൾ ഞാൻ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. 'I am deeply conscious of the fact, that hard fiscal reality has not allowed us to pay the D.A. arrears to our employees. These difficulties not with standing, I am happy to announce the payment of 10% of D.A. with the salary for the month of June. അത് ചെലവാണ്. ഇത് ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ഡിയർനസ് റിലീഫും, ഡി.ആർ. എന്നാണ് പറയുന്നത്. അത് രണ്ടും കൂടി ഒരേ ജി.ഒ.യിലാണ് ഇറക്കുന്നത്. That is implied ഇത് ആദ്യം അവതരിപ്പിക്കുന്ന ബഡ്ജറ്റല്ല. ശ്രീ. മാണി അങ്ങ് നിരവധി ബഡ്ജറ്റുകൾ അവതരിപ്പിച്ച വളരെ ലജിസ്ലേറ്റീവ് എക്സ്പീരിയൻസുള്ള ആളാണ്. അങ്ങയിൽ നിന്നും ഞാൻ പഠിക്കാൻ ആഗ്രഹിക്കുന്ന ആൾ ആണ്. പക്ഷേ അതിന് നിർവാഹമില്ല. എന്തെന്നുവച്ചാൽ 1996-1997-ൽ എന്താണ് പറഞ്ഞതെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അറിയാമോ ? കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷാമബത്ത സംസ്ഥാന ജീവനക്കാർക്ക് ഇനി കൊടുക്കാനുള്ളത് ഒക്ടോബർ മാസത്തെ ശമ്പളം മുതൽ നൽകുന്നതാണ്. ഇത് ജൂലായിലെ ബഡ്ജറ്റ് പ്രസംഗമാണ്. ഈ ബഡ്ജറ്റിൽ പറഞ്ഞത് ജീവനക്കാർക്ക് വർദ്ധിച്ച ക്ഷാമബത്ത കൊടുക്കുമെന്നാണ്. അത് 1996 തൊട്ട് ബാധകമുള്ളതാണ്. 1997-ലേതാണ് ഈ പറയുന്നത്. അപ്പോൾ പൂർവ്വകാലത്തിലുള്ളത് impound ചെയ്തുവെന്ന് ഇതിൽ പറഞ്ഞിട്ടില്ല. അത് പൂർവ്വകാല പ്രാബല്യം വച്ചിട്ടാണ് ജി.ഒ. ഇറക്കിയത്. ഡിയർനസ് റിലീഫും കൊടുത്തു. കുറെക്കാലമായി ജീവനക്കാർ കക്ഷി രാഷ്ട്രീയ ഭേദഗമെന്യേ സംഘടനാ വ്യത്യാസമെന്യേ പൊരുതി നേടിയ ഒരു അവകാശമാണ്. കേന്ദ്രം എപ്പോൾ ഡി.എ. പ്രഖ്യാപിക്കുന്നുവോ അപ്പോൾ അത് സ്റ്റേറ്റ് എംപ്ലോയിസിന് കൊടുക്കണം. എല്ലാവരും ഒരുമിച്ച് പൊരുതി നേടിയ ഒരു അവകാശമാണ്. ആ പോരാട്ടത്തിൽ ഒരു എളിയ പങ്ക് നിർവഹിക്കാൻ എനിക്കും സാധിച്ചിട്ടുണ്ട് ആ ഡി.എ.സമരം ഒരു ചെറിയ സമരമല്ല. അപ്പോൾ അതുകൊണ്ട് കേന്ദ്ര ഡി.എ. 1996-97 ഇത് Ext-I ആയിക്കോട്ടെ. ഇനി Ext-II ഹാജരാക്കാം. അത് കോടതിയിൽ കേസ് പ്രസന്റ് ചെയ്യുന്നില്ലേ ? ആരോടാണോ സംസാരിക്കുന്നത് അവരുടെ ഭാഷയിൽ സംസാരിക്കണമെന്നാണ് ശാസ്ത്രം. ശ്രീ. മാണിക്ക് ലീഗൽ ടെർമിനോളജി അധികം അറിയാം. അതുകൊണ്ട് ഞാൻ ശ്രമിച്ചു നോക്കുകയാണ്. ലീഗൽ ടെർമിനോളജിയുടെ കാര്യം പറയാൻ കാരണം, you are accustomed with it. പിന്നെ 1998-99 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിറ്റ് രണ്ടിൽ എന്താണ് പറയുന്നത് ? 1-7-1999 മുതലുള്ള ഡി.എ. മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതാണ്. അതും ബാക്കിയുള്ളത് കൊടുക്കുന്നോ impound ചെയ്യുന്നോ എന്നുള്ളത് അനൗൺസ്മെന്റാണ്. ബഡ്ജറ്റിൽ ഇല്ല. അങ്ങനെ രണ്ട് പൂർവകാല അനുഭവം നമുക്കുണ്ട്. അതേമാതിരിയുള്ള ബഡ്ജറ്റ് തന്നെയാണ് ഇപ്പോഴും പറഞ്ഞത്. ജൂൺ മാസത്തെ ശമ്പളത്തിനോടൊപ്പം കൊടുക്കുമെന്ന്. please be patient. I may be permitted to talk.... കാരണം ഞാൻ സംസാരിക്കുമ്പോൾ ഇടപെടുന്നത്... ഇടപെടാതെ പറയാൻ തന്നെ ബഹുമാനപ്പെട്ട മെമ്പറുടെ പരിജ്ഞാനത്തിനു മുൻപിൽ ഞാൻ അശക്തനാണ്. ഇടപെടുക കൂടി ചെയ്താൽ. അതുകൊണ്ട്: ഒരു വരി തെറ്റിയാൽ എന്റേത് തെറ്റും. ഞാൻ അതു പഠിച്ചു വരുന്നതാണ്. അദ്ദേഹത്തിന് സ്വയം ഉണ്ടാവുന്നതുപോലെ എനിക്ക് വരില്ല. ഇതിനെക്കുറിച്ച് പത്രത്തിൽ കുറെ പ്രസ്താവന വന്നു. പൂർവകാല പ്രാബല്യമില്ല, അത് പോയിയെന്ന് പല പത്രങ്ങളിലും ഞാൻ വായിച്ചു. അതു കൊണ്ടാണ് അത് ക്ലിയറാക്കാൻ 1-1-1999 തൊട്ടുള്ളത് അത് ജൂൺ മാസത്തെ സാലറിയിൽ കൊടുക്കും, അത് impound ചെയ്യും. പെൻഷൻകാർക്ക് ഇല്ലായെന്നു വന്നു. പെൻഷൻകാർക്കും ഇതിലും പറയാതെ കിട്ടി. പെൻഷൻകാരുടെ ഡി.ആറും ജീവനക്കാരുടെ ഡി.എയും ഒരേ ഓർഡറിലാണ്. വളരെ ക്ലിയറായിട്ട്.... I am informed by the Finance Department that the Government will not need to add a single paise more to the revenue deficit for providing dearness allowance to our employees. പിന്നെ കോ-ഓപ്പറേറ്റീവ് ബാങ്ക്, അത് കടന്ന കയ്യ് ആയിപ്പോയി. സേവിംഗസ് ബാങ്ക് ഡെപ്പോസിറ്റ് ആരെങ്കിലും റിസീപ്റ്റ്സ് കോളത്തിൽ കൊള്ളിക്കുമോ ? അതുപോലെ വിത്ഡ്രാ ചെയ്യുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പെന്റിച്ചർ കോളത്തിൽ കൊള്ളിക്കുമോ ? എനിക്കറിഞ്ഞുകൂടാ. It is a deposit. Deposit in their Savings Bank is not in the Receipt Head. അവർക്ക് അധികാരമുണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാൻ. ബാങ്കുകൾ മാത്രമല്ല നിരവധി ആളുകൾ സേവിംഗ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അത് വരുമാനമായി കൂട്ടുകയില്ല. Deposit is a liability and not an asset. റസീപ്റ്റിൽ അത് പെടുകയില്ല. ഡെപ്പോസിറ്റിൽ നിന്നും വിത്ത്ഡ്രോ ചെയ്താൽ എക്സ്പെന്റിച്ചറായിട്ട് വരില്ല. കോ-ഓപ്പറേറ്റീവ് ബാങ്ക് മാത്രമാണോ ഡെപ്പോസിറ്റ് ചെയ്യുന്നത് ? ആയിരക്കണക്കിന് ആളുകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അത് എപ്പോൾ വേണമെങ്കിലും ഡെപ്പോസിറ്റേഴ്സിന് വിത്ത്ഡ്രോ ചെയ്യാവുന്നതാണ്. അതിൽ യാതൊരു പുതിയ സിറ്റുവേഷനും ഉണ്ടായിട്ടില്ല. കഴിഞ്ഞ തവണയും ഡെപ്പോസിറ്റുണ്ടായിരുന്നു. മടക്കി കൊടുത്തു. പിന്നെയും വാങ്ങിച്ചു. അത് മടക്കി കൊടുക്കുകയും ചെയ്യും. withdrawal of their money from the savings bank is not an item of expenditure.അതുകൊണ്ട് It was nothing to do with the deficit or surplus of the Budget ശരിക്കും പറഞ്ഞാൽ ലഗ്നാലും ചന്ദ്രാലും കെ.എം. മാണിയുടെ ബഡ്ജറ്റിൽ തീരുകയില്ല.. അതുകൊണ്ട് It may be ruled... ബഹുമാനപ്പെട്ട സീപക്കർ എന്റെ ഈ ആർഗ്യുമെന്റ് മനസ്സിലാക്കി എന്റെ മാന്യ സുഹൃത്തിന്റെ ഒബ്ജക്ഷൻ അംഗീകരിക്കരുത് എന്ന ഒരു അപേക്ഷ എനിക്കുണ്ട്.

റൂളിംഗ്

മി. സ്പീക്കർ : ഇതിൽ ഞാൻ ഒരു കാര്യം നേരത്തെ സൂചിപ്പിച്ചു. ബഡ്ജറ്റ് ഫിഗേഴ്സിനെ സംബന്ധിക്കുന്ന കാര്യം ചൂണ്ടിക്കാണിച്ചതിനെ സംബന്ധിച്ചുള്ള ക്ലാരിഫിക്കേഷനാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയത്. ചെയറിനെ സംബന്ധിച്ച് ആ കാര്യം വരുന്നില്ല. ഇവിടെ നോക്കുന്നത് അദ്ദേഹത്തിന്റെ ക്രമപ്രശ്നം ചട്ടപ്രകാരം നിലനിൽക്കുന്നതാണോ ഇല്ലയോ എന്നുള്ളത് മാത്രമാണ്. റൂൾ 142 പറയുന്നത്, 'At the conclusion of the discussion on the Budget under rule 141, the Demands for Grants shall stand referred to the appopriate subject committees for scrutiny and report.'എന്നാണ് അതാണ് പറഞ്ഞത്. ഞാൻ ഒന്നുകൂടി ആവർത്തിക്കുന്നു അത് ചെയ്തിരിക്കുന്നു. ഇനി അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ തന്നെ അത് പരിശോധിക്കാൻ സഭയ്ക്കു വീണ്ടും അവസരമുണ്ട്. സഭയ്ക്ക് അതിനുള്ള അവകാശമുണ്ട്. ആ സന്ദർഭത്തിൽ ചട്ടപ്രകാരം തന്നെ അത് എടുക്കാൻ കഴിയും. അതുകൊണ്ട് ശ്രീ. കെ.എം. മാണി ഒരു ക്രമപ്രശ്നമെന്ന നിലയിൽ ഇവിടെ ഉന്നയിച്ച കാര്യം നിലനിൽക്കുന്നതല്ല. എന്ന് ചെയർ റൂൾ ചെയ്യുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ശ്രീമതി ശോഭനാ ജോർജ് : സർ, ഇപ്പോൾ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി എതിർക്കുന്നു. കേന്ദ്രം ഭരിക്കുന്ന ഫാസിസ്റ്റ് വർഗ്ഗീയ പാർട്ടി കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കി. ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിലും, വിഷമത്തിലും നിരാശയിലുമായ

LIBRARY ARCHIVES Kerala Legislative Assembly